പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1167 29/09/2011 ൽ മറുപടിയ്ക്ക്

## പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി

ചോദ്യം

ശ്രീ. വി. ശശി
" കെ. അജിത്
" വി.എസ്. സുനിൽ കുമാർ
" ചിറയം ഗോപകുമാർ

മറുപടി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | 50700 പട്ടികജാതി വിദ്യാർത്ഥികൾക്കും 6224 പട്ടികവർഗ്ഗ വിദ്യർത്ഥികൾക്കും സൈക്കിളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് 3000/- രൂപ വീതം അനുവദിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സൈക്കിൾ വാങ്ങി നൽകുന്നതിനു പകരം അതിന്റെ വില രൂപയായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ; | | |
| (സി) | സൈക്കിൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചതിനുശേഷം അത് വേണ്ടന്ന് വയ്ക്കാനുണ്ടായ കാരണം വ്യക്ത മാക്കുമോ ? | (സി) | കേരള സംസ്ഥാനത്തിലെ സർക്കാർ /എയിഡഡ് സ്കൂളുകളിൽ എട്ടാംക്ലാസ്സിൽ പഠിക്കുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സൈക്കിൾ വാങ്ങി വിതരണം ചെയ്യുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിയാതെ വന്നതിനാലും പ്രസ്തുത പദ്ധതി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ടതായിരുന്നതിനാലും അടിയന്തിരമായി പദ്ധതി നിർവ്വഹണം നടത്തുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായി. അപ്രകാരം റീ ടെണ്ടർ അപേക്ഷ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ടെണ്ടർ അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ സമയം ലഭിച്ചില്ലായെന്നുള്ള ആക്ഷേപമുണ്ടായതിനെ തുടർന്നാണ് ടെണ്ടർ നടപടികൾ നിർത്തിവെച്ച് ഗുണഭോക്താക്കൾക്ക് സൈക്കിളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് വിദ്യാർത്ഥി ഒന്നിന് 3000/-രൂപ വീതം ഗ്രാന്റായി അനുവദിച്ച് ഉത്തരവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ